# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

**TIME: 12.30 PM** **DATE: 28.06.2026**

## പ്രധാനവാർത്തകൾ

1. **സ്വയം പര്യാപ്ത ഇന്ത്യ കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യം കൂടുതൽ ശക്തമാവുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആഴി മുതൽ ആകാശം വരെ രാജ്യം സ്വയം പര്യാപ്തമായി മാറുകയാണെന്നും മൻ കി ബാത്തിൽ പരാമർശം.**

2. **ജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ആത്മാവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ശുചിത്വം, 'വോക്കൽ ഫോർ ലോക്കൽ, ജലസംഭരണം എന്നിവ തുടരാനും ആഹ്വാനം.**

3. **പൾസ് പോളിയോ തുള്ളിമരുന്ന് വിതരണത്തിന് രാജ്യ മെമ്പാടും തുടക്കമായി. സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി തിരുവനന്തപുരത്ത് നിർവ്വഹിച്ചു.**

4. **സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രണവിധേയമായതായി ആരോഗ്യമന്ത്രി കെ മുരളീധരൻ. ഡെങ്കിപ്പനി ബോധവത്കര ണത്തിന് സംയുക്ത പ്രതിജ്ഞാ പരിപാടി മറ്റെന്നാൾ.**

5. **കേരളത്തിൽ മഴ ശക്തി പ്രാപിക്കുന്നു. കോഴിക്കോട് മുതൽ കാസർഗോഡ് വരെ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യ ബന്ധനത്തിന് വിലക്ക്.**

6. **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജോർദാനെതിരെ അർജൻറീനയ്ക്ക് തകർപ്പൻ ജയം. ആദ്യ നോക്ക്ഔട്ടിൽ ഇന്ന് കാനഡ - ദക്ഷിണാഫ്രിക്ക പോരാട്ടം**

RNUTVPM

## മൻ കി ബാത്ത് - വ്യോമസേന ഇൻട്രോ

സ്വയം പര്യാപ്ത ഇന്ത്യ കെട്ടിപ്പടുക്കാനുള്ള നിശ്ചയദാർഢ്യം കൂടുതൽ ശക്തമാവുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ആകാശവാണിയിലൂടെ മൻ കി ബാത്തിൻറെ 135 -ാം പതിപ്പിൽ ജനങ്ങളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. അടുത്തിടെ കമ്മീഷൻ ചെയ്ത നാവിക സേനയുടെ കപ്പലുകൾ, വ്യോമസേനയുടെ വിമാനങ്ങൾ തുടങ്ങിയവയുടെ രൂപകൽപ്പനയും നിർമ്മാണവും പൂർണ്ണമായി തദ്ദേശീയമായിരുന്നത് ഇതിന് ഉദാഹരണമായി പ്രധാനമന്ത്രി പരാമർശിച്ചു. എയ്റോസ്പേസ് മേഖലയ്ക്ക് പ്രത്യേകിച്ച് എം.എസ്.എം.ഇ.കൾക്ക് ഈ നേട്ടം പുതിയ ശക്തി പകരുകയും ആഴി മുതൽ ആകാശം വരെ കൂടുതൽ സുരക്ഷിതവും സ്വയം പര്യാപ്തവുമായി രാജ്യം മാറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ് - പി എം)

RNUTVPM

## മൻ കി ബാത്ത് - 2

പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യത്തിന്റെ പശ്ചാത്തലത്തിൽ ജനങ്ങളോട് നടത്തിയ അഭ്യർത്ഥനകൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് പ്രധാനമന്ത്രി. സ്വർണ്ണം വാങ്ങുന്നതും വിദേശത്ത് അവധിക്കാലം ചെലവഴിക്കുന്നതും കാർ പൂളിംഗും സംബന്ധിച്ച അഭ്യർത്ഥനകൾക്ക് നൽകിയ പിന്തുണയ്ക്കും സഹകരണത്തിനും ഓരോ പൗരനോടും കടപ്പെട്ടിരിക്കുന്നതായി അദ്ദേഹം അറിയിച്ചു. നിരവധി കുടുംബങ്ങൾ സ്വന്തം അനുഭവങ്ങൾ പങ്കുവെച്ചതായും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി സുരക്ഷാ ബീമ യോജന, പ്രധാനമന്ത്രി ജീവൻജ്യോതി ബീമായോജന തുടങ്ങിയ ഇൻഷുറൻസ് പദ്ധതികളുടെ ഗുണങ്ങൾ കൂടുതൽ പേരിൽ എത്തുന്നതിന് വിവരങ്ങൾ പരസ്പരം പങ്കുവെക്കണമെന്നും പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

## മൻ കി ബാത്ത് - ജനങ്ങൾ ഇൻട്രോ

ജനങ്ങളാണ് ഏതൊരു രാജ്യത്തിന്റെയും ആത്മാവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. രാജ്യത്തെ ജനങ്ങളുടെ ദൃഢനിശ്ചയത്തെ ഒരു ശക്തിക്കും തടയാൻ സാധിക്കില്ല. രാഷ്ട്രനിർമ്മാണത്തിലെ പൊതുജന

പങ്കാളിത്തത്തിന്റെ ഈ ശക്തി ഇന്ത്യക്ക് വലിയ മുതൽക്കൂട്ടാണെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

(വോയിസ് - പി എം)

ഇന്ത്യയുടെ നേതൃത്വത്തിൽ ലോകം മുഴുവൻ പങ്കുചേർന്ന അന്താരാഷ്ട്ര യോഗ ദിന പരിപാടിയെ കുറിച്ചും ശ്രീ നരേന്ദ്ര മോദി പറഞ്ഞു. കോടിക്കണക്കിന് ജനങ്ങളുടെ പങ്കാളിത്തം കൊണ്ട് ഈ പരിപാടി ശ്രദ്ധേയമായി. അഹമ്മദാബാദിൽ നടന്ന ലോക യോഗാസന ചാമ്പ്യൻഷിപ്പിലെ ഇന്ത്യയുടെ മെഡൽ നേട്ടത്തെ പ്രശംസിച്ച പ്രധാനമന്ത്രി കായികതാരങ്ങളെ അഭിനന്ദിക്കുകയും ചെയ്തു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത് - 3

രാജ്യത്ത് കായിക മേഖലയിലേക്ക് കടന്നു വരുന്ന യുവതലമുറയുടെ എണ്ണം വർധിച്ചു വരികയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. സ്പോർട്സിനെ ഒരു കരിയറായി കൂടുതൽ പേർ സ്വീകരിക്കുന്നു. മേഘാലയയുടെ വേരുപാലങ്ങളെ UNESCOയുടെ പട്ടികയിൽ ഉൾപ്പെടുത്താൻ അപേക്ഷ നൽകിയതായും അദ്ദേഹം അറിയിച്ചു. ശുചിത്വം, ഗണേശോത്സവത്തിൽ 'വോക്കൽ ഫോർ ലോക്കൽ' ആശയത്തെ പ്രോത്സഹിപ്പിക്കുക, ജലസംഭരണം തുടങ്ങിയവയാണ് പ്രധാനമന്ത്രി മൻ കി ബാത്തിൽ ഇന്ന് പരാമർശിച്ച മറ്റ് വിഷയങ്ങൾ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മൻ കി ബാത്ത് - എ ഐ ഇൻട്രോ

സാങ്കേതികവിദ്യയുടെ യുഗമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഓരോ ദിവസവും ഈ മേഖലയിൽ പുതിയ ഗവേഷണങ്ങൾ നടക്കുന്നു ണ്ടെന്നും പുതിയ AI പരിഷ്കാരങ്ങൾ ഉയർന്നുവരുന്നതായും അദ്ദേഹം പറഞ്ഞു. ഡൽഹിയിലെ കേന്ദ്ര സംസ്കൃത സർവകലാശാല, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഡാറ്റാ സയൻസ് എന്നിവയിൽ ബി.ടെക് പ്രോഗ്രാം ആരംഭിക്കാൻ ഒരുങ്ങുകയാണ്. ആധുനിക സാങ്കേതികവിദ്യയെ രാജ്യത്തിന്റെ പരമ്പരാഗത അറിവുമായി ബന്ധിപ്പിക്കുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണി

തെന്നും ഇന്ത്യൻ ഭാഷകൾക്കായി പുതിയ AI ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് ഇത് സഹായിക്കുമെന്നും പ്രധാനമന്ത്രി മൻ കി ബാത്തിൽ പറഞ്ഞു.

(വോയിസ് - പി എം)

**'Catch the rain'** കാമ്പെയ്നിന് അൽപ്പം പോലും മങ്ങലേൽക്കാൻ അനുവദിക്കരുതെന്ന ഓർമ്മപ്പെടുത്തലുമായിയാണ് പ്രധാനമന്ത്രി മൻ കി ബാത്തിന്റെ 135 -ാാം പതിപ്പ് ഉപസംഹരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി- സെയ്ഷെൽസ് സന്ദർശനം

സെയ്ഷെൽസിൽ എത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഗാർഡ് ഓഫ് ഓണർ നൽകി. സെയ്ഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി അദ്ദേഹം ഇന്ന് കൂടിക്കാഴ്ച നടത്തും. ഇരു നേതാക്കളും ഉഭയകക്ഷി സഹകരണം വിലയിരുത്തുകയും, പരസ്പര താല്പര്യമുള്ള പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ ചർച്ച നടത്തുകയും ചെയ്യും. സെയ്ഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും. സെയ്ഷെൽസ് ദേശീയ അസംബ്ലിയെ ഇന്ന് അഭിസംബോധന ചെയ്യും. പ്രവാസി ഇന്ത്യക്കാരുമായും അദ്ദേഹം ആശയ വിനിമയം നടത്തും.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പൾസ് പോളിയോ

പൾസ് പോളിയോ തുള്ളിമരുന്ന് വിതരണത്തിന് രാജ്യമെമ്പാടും തുടക്കമായി. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി കെ. മുരളീധരൻ തിരുവനന്തപുരത്ത് നിർവ്വഹിച്ചു. 2000 നു ശേഷം കേരള ത്തിൽ പോളിയോ റിപ്പോർട്ട് ചെയ്യിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. ജില്ലകളിൽ മന്ത്രിമാരുടെ നേതൃത്വത്തിലാണ് തുള്ളിമരുന്ന് വിതരണം നടന്നത്. അഞ്ച് വയസുവരെയുള്ള 19.8 ലക്ഷം കുഞ്ഞുങ്ങൾക്കാണ് പോളിയോ തുള്ളിമരുന്നു നൽകുന്നത്. ഇതിനായി 22,288 ബൂത്തുകളും പരിശീലനം ലഭിച്ച 46,663 സന്നദ്ധ പ്രവർത്തകരെയും സജ്ജമാക്കായിട്ടുണ്ട്. ബൂത്തുകളിൽ

ഇന്ന് എത്തിച്ചേരാൻ സാധിക്കാത്തവർക്ക് നാളെയും മറ്റന്നാളുമായി വീടുകളിലെത്തി വാക്സിൻ നൽകും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## പകർച്ചവ്യാധി

സംസ്ഥാനത്ത് പകർച്ചവ്യാധി നിയന്ത്രണവിധേയമായതായി ആരോഗ്യ മന്ത്രി കെ മുരളീധരൻ. ഷിഗെല്ല റിപ്പോർട്ട് ചെയ്യുന്നത് കുറയുന്നുണ്ട്. ഡെങ്കിപ്പനി നിയന്ത്രണ വിധേയമാണെന്നും ബോധവൽക്കരണത്തിന്റെ ഭാഗമായി മറ്റന്നാൾ തിരുവനന്തപുരത്ത് മന്ത്രിമാരുടെ സംയുക്ത പ്രതിജ്ഞ പരിപാടി നടത്തുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മഴ

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയുമാണ്. കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ബുധനാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഫിഫ ലോകകപ്

ഫിഫ ലോകകപ്പ് ഫുട്ബോളിൽ ജോർദാനെതിരെ അർജൻറീനയ്ക്ക് തകർപ്പൻ ജയം. എൺപതാം മിനുട്ടിൽ സൂപ്പർ താരം ലയണൽ മെസ്സി നേടിയ ഗോളുൾപ്പെടെ ഒന്നിനെതിരെ മൂന്നു ഗോളുകൾക്കാണ് അർജൻറീന, ജോർദാനെ പരാജയപ്പെടുത്തിയത്. അതേസമയം ഓസ്ട്രിയയും അൾജീരിയയും തമ്മിലുള്ള മത്സരം സമനിലയിൽ കലാശിച്ചു. ഇരു ടീമുകളും മൂന്നുവീതം ഗോളുകളാണ് നേടിയത്. നോക്ക്ഔട്ടിലെ ആദ്യ മത്സരത്തിൽ ഇന്ന് കാനഡ, ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.രാത്രി 12.30 നാണു മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## വനിതാ ടി-20 ലോകകപ്പ്

ICC വനിതാ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഗ്രൂപ്പ് എയിലെ ഫൈനൽ മത്സരത്തിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ലണ്ടനിലെ ലോഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ത്യൻ സമയം രാത്രി 7 മണിക്കാണ് മത്സരം. ഗ്രൂപ്പ് എയിൽ മൂന്ന് മത്സരങ്ങൾ വിജയിച്ച ആത്മവിശ്വാസത്തിലാണ് ടീം ഇന്ത്യ.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## വിവി രാജേഷ്

തിരുവനന്തപുരം കോർപറേഷനിൽ ഭരണസ്തംഭനം ചൂണ്ടിക്കാടിയുള്ള യു ഡി എഫിന്റെ അവിശ്വാസ പ്രമേയ നീക്കത്തെ സ്വാഗതം ചെയ്യുന്നതായി മേയർ വി വി രാജേഷ്. എല്ലാവിധ ചർച്ചകൾക്കും നഗരസഭാ ഭരണസമിതി തയ്യാറാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. വിവിധ വിഷയങ്ങൾ ചർച്ച ചെയ്യാൻ കോർപ്പറേഷൻ ജനറൽ കൗൺസിൽ നാളെ യോഗം ചേരുമെന്നും മേയർ അറിയിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മരണം

അടിയന്തിരാവസ്ഥകാലത്ത് തടവുശിക്ഷ അനുഭവിച്ച മുതിർന്ന ആർ എസ് എസ് പ്രവർത്തകൻ ഗോപാൽ അന്തരിച്ചു. 80 വയസ്സായിരുന്നു. അടിയന്തരാവസ്ഥയ്ക്കെതിരെയുള്ള സമരങ്ങളിൽ പങ്കെടുത്തതിനെ തുടർന്ന് 6 മാസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. 66 വർഷകാലം ആർ എസ് എസിന്റെ വിവിധ ചുമതലകൾ അദ്ദേഹം വഹിച്ചിരുന്നു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഭാഗ്യരാജ് - സംസ്കാരം

പ്രശസ്ത സംവിധായകനും നടനും തിരക്കഥാകൃത്തുമായ കെ. ഭാഗ്യരാജിന് വിട. ഔദ്യോഗിക ബഹുമതികളോടെ സംസ്കാര ചടങ്ങുകൾ ചെന്നൈയിൽ നടന്നു. സാംസ്കാരിക, രാഷ്ട്രീയ, ചലച്ചിത്ര മേഖലകളിലെ നിരവധി പ്രമുഖർ അദ്ദേഹത്തിന് ആദരാഞ്ജലി അർപ്പിച്ചു. ഹൃദയാഘാതത്തെ തുടർന്ന് ഇന്നലെയായിരുന്നു അദ്ദേഹത്തിൻറെ അന്ത്യം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## സെൻസസ് എന്യൂമറേഷൻ

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് സ്വന്തമായി വിവരങ്ങൾ രേഖപ്പെടുത്താനുള്ള സെൽഫ് എന്യൂമറേഷൻ സൗകര്യം രണ്ട് ദിവസം കൂടി ലഭ്യമാകും. se.census.gov.in എന്ന പോർട്ടലിലാണ് വിവരങ്ങൾ സമർപ്പിക്കേണ്ടത്.

RNU TVPM